# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:03.07.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഘാന സന്ദർശനം തുടരുന്നു; വിദേശ പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി ഇന്ന് ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തും.
2. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കോട്ടയത്ത് മേഖലാ അവലോകന യോഗം പുരോഗമിക്കുന്നു.
3. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം ഇടിഞ്ഞു വീണു. ഇടിഞ്ഞു വീണത് ഉപയോഗിക്കാതെ അടച്ചിട്ടിരുന്ന കെട്ടിടമെന്ന് മന്ത്രിമാരായ വി.എൻ വാസവനും വീണാ ജോർജും.
4. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത; ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.
5. ബർമിംഗ്ഹാം ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും. ഗില്ലിന്റെ സെഞ്ചുറി മികവിൽ ഇന്ത്യ.

RNU TVPM

&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി -ഘാന സന്ദർശനം**

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും ഘാനയും ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പശ്ചിമേഷ്യയിലും യൂറോപ്പിലും നടക്കുന്ന സംഘർഷങ്ങൾ നയതന്ത്ര ചർച്ചകളിലൂടെ പരിഹരിക്കപ്പെടണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഘാന പ്രസിഡന്റുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. വിവിധ മേഖലകളിലെ നാല് ധാരണാപത്രങ്ങളും ഇന്നലെ ഒപ്പു വച്ചു.

&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി- ട്രിനിഡാഡ്**

അഞ്ച് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി ഇന്ന് രാത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തും. അവിടെ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന ശ്രീ മോദി പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. പോർട്ട് ഓഫ് സ്പെയിനിൽ ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തിലും അദ്ദേഹം സംസാരിക്കും.

&&&&&&&&&&&&&&&&&&

**പാർലമെൻറ് വർഷകാല സമ്മേളനം**

RIJU TVPM

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈമാസം 21ന് ആരംഭിക്കും. സമ്മേളനം അടുത്തമാസം 21 വരെ നീളും. സ്വാതന്ത്ര്യദിനാഘോഷം കണക്കിലെടുത്ത് ഓഗസ്റ്റ് 13, 14 തീയതികളിൽ സഭ ചേരില്ല.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി-കോട്ടയം

വിവിധ സർക്കാർ പദ്ധതികളുടെ പുരോഗതി വിലയിരുത്താനുള്ള മേഖലാ അവലോകന യോഗങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളുടെ യോഗം ഇപ്പോൾ കോട്ടയത്ത് നടക്കുകയാണ്. മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, നാല് ജില്ലകളിലെയും കലക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

## സയൻസ് സിറ്റി ഉദ്ഘാടനം

കോട്ടയം കോഴായിൽ സ്ഥാപിച്ച സയൻസ് സിറ്റിയുടെ ഒന്നാംഘട്ടം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി ആർ. ബിന്ദു അധ്യക്ഷയാകുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി ഗജേന്ദ്രസിങ് ശെഖാവത്ത്, മന്ത്രി വി.എൻ. വാസവൻ എന്നിവർ മുഖ്യാതിഥികളാകും. ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സംസ്ഥാന

ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 30 ഏക്കറിലാണ് സയൻസ് സിറ്റിയുടെ നിർമാണം. വിപുലമായ ജൈവ വൈവിധ്യ പാർക്കിന്റെ നിർമാണവും മുഖ്യമന്ത്രി ഉദ്ഘാടനംചെയ്യും.

&&&&&&&&&&&&&&&&&&

**വിഎൻ വാസവൻ**

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം ഇടിഞ്ഞു വീണു. പതിനാലാം വാർഡിലെ ശുചിമുറി ഉൾപ്പെട്ട ഭാഗമാണ് പൊളിഞ്ഞു വീണത്. മന്ത്രിമാരായ വീണാ ജോർജ്, വി.എൻ വാസവൻ എന്നിവർ അപകട സ്ഥലം സന്ദർശിച്ചു. ഉപയോഗിക്കാതെ അടച്ചിട്ടിരുന്ന കെട്ടിടമാണ് ഇടിഞ്ഞതെന്നും ആർക്കും സാരമായ പരിക്കുകൾ ഏറ്റിട്ടില്ലെന്നും മന്ത്രി വി എൻ വാസവൻ പറഞ്ഞു. പുതിയ കെട്ടിടം അടുത്തമാസം ഉദ്ഘാടനം ചെയ്യാനിരിക്കുകയാണെന്നും മന്ത്രി മാധ്യമപ്രവർത്തകരോട് പ്രതികരിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

**വീണാ ജോർജ്ജ്- ഇൻട്രോ**

കോട്ടയം മെഡിക്കൽ കോളേജിൽ ഉപയോഗശൂന്യമായി അടച്ചിട്ടിരുന്ന കെട്ടിടമാണ് തകർന്നതെന്നും പ്രധാന കെട്ടിടവുമായി ഇതിന് ബന്ധമില്ലെന്നും ആരോഗ്യമന്ത്രി

വീണാ ജോർജ്ജ് പറഞ്ഞു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതിയ സർജിക്കൽ ബ്ലോക്ക് പണി പൂർത്തിയായിട്ടുണ്ടെന്നും മന്ത്രി മാധ്യമ പ്രവർത്തകരോട് വ്യക്തമാക്കി.

**(ഹോൾഡ് വോയിസ്)**

പോലീസും ഫയർ ഫോഴ്സും ചേർന്ന് ഇപ്പോൾ കെട്ടിടാവശിഷ്ടങ്ങൾ നീക്കുകയാണ്.

&&&&&&&&&&&&&&&&&&

**മൂഴൂർ ആശുപത്രി - മന്ത്രി വീണ ജോർജ്**

കോട്ടയം മൂഴൂർ ഗവ.ആയുർവേദ ആശുപത്രി ഐ.പി ബ്ലോക്ക് മന്ത്രി വീണാ ജോർജ് ഇന്ന് ഉദ്ഘാടനം ചെയ്യും. മൂന്നുനില കെട്ടിടത്തിലായുള്ള ഐ.പി. ബ്ലോക്കിൽ 30 ബെഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. പഞ്ചകർമ്മ ചികിത്സ ഉൾപ്പടെയുള്ള കിടത്തി ചികിത്സയ്ക്കുള്ള സൗകര്യങ്ങളുമുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

**മന്ത്രി ശിവൻകുട്ടി +ആർ ബിന്ദു**

കേരള സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. എസ്. അനിൽകുമാറിനെ സസ്പെന്റ് ചെയ്തത് ചട്ടവിരുദ്ധമെന്ന് മന്ത്രി വി ശിവൻകുട്ടി. രജിസ്ട്രാറെ നിയമിക്കുന്ന സിൻഡിക്കേറ്റിനാണ് അച്ചടക്ക നടപടിക്കുള്ള അധികാരം. ഗവർണർ വേദിയിലിരിക്കെ പരിപാടി റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് നൽകി എന്ന ആരോപണം ശരിയല്ലെന്നും മന്ത്രി

മാധ്യമപ്രവർത്തകരോട് വ്യക്തമാക്കി. വൈസ് ചാൻസിലറുടെ നടപടി അധികാര ദുർവിനിയോഗമാണെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. നിലവിൽ രജിസ്ട്രാർക്ക് ഔദ്യോഗിക ചുമതലകൾ നിർവഹിക്കാൻ തടസമില്ലെന്നും മന്ത്രി പത്തനംതിട്ടയിൽ മാധ്യമങ്ങളോട് അറിയിച്ചു.

&&&&&&&&&&&&&&&&&&&

## ആകാശവാണി തിരുവനന്തപുരം

ആകാശവാണി തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളുടെ വാർത്താവിഭാഗം മേധാവിയായി, ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിലെ മുതിർന്ന ഉദ്യോഗസ്ഥ ലമി ജി നായർ ചുമതലയേറ്റു. 1993- ൽ ന്യൂഡൽഹിയിൽ പ്രതിരോധ മന്ത്രാലയത്തിൻറെ പ്രസിദ്ധീകരണമായ സൈനിക് സമാചാറിലാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ഫീൽഡ് പബ്ലിസിറ്റി, പബ്ലിക്കേഷൻസ് ഡിവിഷൻ, ദൂരദർശൻ തുടങ്ങി വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻറെ വിവിധ മാധ്യമ വിഭാഗങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - അരിവിഹിതം

ഓണക്കാലത്ത് കേരളത്തിന് പ്രത്യേകമായി അധിക അരിവിഹിതം അനുവദിക്കണമെന്ന ആവശ്യം തള്ളിയ കേന്ദ്ര നയത്തിനെതിരെ കക്ഷിരാഷ്ട്രീയ ഭേദമെന്യേ

RNUTVPM

ഒറ്റക്കെട്ടായി പ്രതിഷേധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിശേഷാവസരങ്ങളിൽ പൊതു വിപണിയിൽ അരിയുടെ വില കുതിച്ചുയരാതിരിക്കാൻ മുൻഗണനേതര വിഭാഗക്കാർക്കും ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായാണ് അധിക അരിവിഹിതം സംസ്ഥാനം ആവശ്യപ്പെട്ടത്. മുൻഗണനേതര വിഭാഗക്കാർക്കുള്ള ഗോതമ്പിന്റെ അലോട്ട്മെൻറ് പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**ഖേലോ ഭാരത്**

ദേശീയ കായിക നയം 2025 സംബന്ധിച്ച് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന മാധ്യമ സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. പരിപാടിയിൽ, രാജ്യത്ത് എല്ലാവരെയും ഉൾച്ചേർത്തുള്ള മികച്ച കായിക അന്തരീക്ഷം സൃഷ്ടിക്കുന്ന വിഷയത്തിൽ ചർച്ചകൾ നടക്കും. കായിക രംഗത്തെ വിദഗ്ധർ, മുതിർന്ന ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

**സോളാർ ബന്ദ്**

PNU TVPM

സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ പുതിയ കരട് സൗരോർജ്ജ നയത്തിലെ നിർദ്ദേശങ്ങളിൽ പ്രതിഷേധിച്ച് ഇന്ന് സോളാർ ബന്ദ് ആചരിക്കുന്നു. സൗരോർജ്ജ മേഖലയിൽ നിക്ഷേപം നടത്തിയ സംരംഭകരുടെ സംഘടനയായ മാസ്റ്റേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിലാണ് ബന്ദ്. സോളാർ പ്ലാന്റുകളുടെ നിർമ്മാണ, വിപണന, സേവന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചിട്ടാണ് പ്രതിഷേധം.

&&&&&&&&&&&&&&&&&&

**ജാനകി സിനിമ**

സെൻസർ ബോർഡ് പേരിൽ മാറ്റം വരുത്താൻ നിർദേശിച്ച ജാനകി V/S സ്റ്റേറ്റ് ഓഫ് കേരള സിനിമ കാണുമെന്ന് അറിയിച്ച് ഹൈക്കോടതി. സിനിമയുടെ ഉള്ളടക്കമോ പേരോ പ്രശ്നമുണ്ടാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ഇതുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കുന്ന ജസ്റ്റിസ് എൻ.നഗരേഷിനു മുന്നിൽ മറ്റന്നാൾ സിനിമ പ്രദർശിപ്പിക്കും. സെൻസർ സർട്ടിഫിക്കറ്റ് വൈകുന്നതിനെതിരെ നിർമാതാക്കൾ നൽകിയ ഹർജിയിലാണ് തീരുമാനം. ബുധനാഴ്ച ഹർജി വീണ്ടും പരിഗണിക്കും.

&&&&&&&&&&&&&&&&&&

**ക്രിക്കറ്റ്**

RNU TVPM

ബർമിംഗ്ഹാം ടെസ്റ്റ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും. ആദ്യ ദിനം ഇന്ത്യ അഞ്ച് വിക്കറ്റിന് 310 റൺസ് നേടി. ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെ സെഞ്ചുറി മികവിലാണ് ഇന്ത്യയുടെ സ്കോർ 300 കടന്നത്. കളി അവസാനിക്കുമ്പോൾ 114 റൺസുമായി ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും 41 റൺസുമായി രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

RIJU TVPM

&&&&&&&&&&&&&&&&&&

**ഓഹരി സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് നേട്ടം. സെൻസെക്സ് 152 പോയിന്റ് ഉയർന്ന് 83,559 ലും നിഫ്റ്റി 39 പോയിന്റ് നേട്ടത്തിൽ 25,492 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കൂടി. പവന് 320 രൂപ കൂടി 72,840 രൂപയും ഗ്രാമിന് 9,105 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**വള്ളസദ്യ-ഇൻട്രോ**

പ്രസിദ്ധമായ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ വഴിപാട് വള്ളസദ്യകൾക്ക് ഈ മാസം 13 ന് തുടക്കമാകും. മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വിപുലമായ ക്രമീകരണങ്ങളാണ് ഇത്തവണ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് പള്ളിയോട സേവാ സംഘം ഭാരവാഹികൾ പറഞ്ഞു അറിയിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ............***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**കൊട്ടിയൂർ**

ഒരു മാസമായി നടന്നുവരുന്ന കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവം നാളെ സമാപിക്കും. പിന്നീട് 11 മാസക്കാലം അക്കരെ കൊട്ടിയൂരിൽ പ്രവേശനം ഉണ്ടാവില്ല.

&&&&&&&&&&&&&&&&&&

**പാലക്കാട് റെയിൽവേ**

RNU TVPM

പാലക്കാട് ഡിവിഷനു കീഴിൽ അറ്റകുറ്റ പണികൾ നടക്കുന്നതിനാൽ ചില ട്രെയിനുകൾ വൈകി ഓടുമെന്ന് റെയിൽവേ അറിയിച്ചു. ഈ മാസം ഒമ്പതിനും 23-നും സർവ്വീസ് നടത്തുന്ന തിരുവനന്തപുരം സെൻട്രൽ-ഹസ്രത്ത് നിസാമുദ്ദീൻ ജംഗ്ഷൻ വീക്ക് ലി സൂപ്പർഫാസ്റ്റ്, ആലപ്പുഴ-കണ്ണൂർ എക്സ്പ്രസ്, തിരുവനന്തപുരം-കണ്ണൂർ ജനശതാബ്ദി തുടങ്ങിയ ട്രെയിനുകൾ ഏകദേശം ഒരു മണിക്കൂർ വൈകിയോടും.

&&&&&&&&&&&&&&&&&&

**പുലിയുടെ ആക്രമണം**

ഇടുക്കി ചിന്നക്കനാലിൽ പുലിയുടെ ആക്രമണം. ചിന്നക്കനാൽ പവർ ഹൗസിൽ ഇന്നലെ രാത്രി വളർത്തു നായെ പുലി പിടിച്ചു. ഒരാഴ്ച്ച മുൻപും തോട്ടം മേഖലയിൽ തൊഴിലാളികൾ പുലിയെ കണ്ടിരുന്നു.

RIJUTVPM

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&